<u>സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>
(ഹാജർ:എം.അഞ്ജന ഐ.എ.എസ്)

ഉത്തരവ് നം. SJD/1513/2020-E1

തിരുവനന്തപുരം,
തീയതി. 20/12/2021

| | |
|---|---|
| വിഷയം: | സാമൂഹ്യനീതി വകുപ്പ്-ജീവനക്കാര്യം-ജൂനിയർ സൂപ്രണ്ട് തസ്തികയിൽ പൊതു സ്ഥലംമാറ്റവും ഉദ്യോഗക്കയറ്റ നിയമനവും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. |
| പരാമർശം : | 1.സാമൂഹ്യനീതി ഡയറക്ടറുടെ 27/04/2020 ലെ SJD/769/2020-E9 നം നടപടിക്രമങ്ങൾ<br>2.സാമൂഹ്യനീതി ഡയറക്ടറുടെ 28/11/2021 ലെ SJD/1673/2020-E1 നം നടപടിക്രമങ്ങൾ<br>3.ഈ കാര്യാലയത്തിൽ നിന്നുമുള്ള 28/9/2021 ലെ SJD/3335/2021-E1 നമ്പർ പരിപത്രം |

സാമൂഹ്യനീതി വകുപ്പിൽ ആകെ 20 ജൂനിയർ സൂപ്രണ്ട് തസ്തികകളാണ് നിലവിലുള്ളത്. സാമൂഹ്യനീതി വകുപ്പിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ തൃശ്ശൂർ ജില്ല സാമൂഹ്യനീതി ഓഫീസിൽ സേവനമനുഷ്ഠിച്ച് വന്നിരുന്ന ശ്രീമതി.ഷേർലി.ഇ.വി-യ്ക്ക് സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് പരാമർശം (2) പ്രകാരം ഉദ്യോഗക്കയറ്റം അനുവദിച്ചതു മൂലം ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വരുകയുണ്ടായി. പ്രസ്തുത ഒഴിവിലേയ്ക്ക് ഹെഡ് അക്കൗണ്ടന്റ് തസ്തികയിലെ ജീവനക്കാരുടെ പരാമർശം (1) മുൻഗണനാ പട്ടികയിൽ നിന്നും മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ ക്രമനം.15-മതായി ഉൾപ്പെട്ടിട്ടുള്ള ശ്രീ.നിഷാന്ത്കുമാർ.സി.വിയ്ക്ക് ഉദ്യോഗക്കയറ്റം ലഭിയ്ക്കുന്നതിന് അർഹതയുണ്ട്.

സാമൂഹ്യനീതി വകുപ്പിൽ 2021 പൊതു സ്ഥലംമാറ്റത്തിന്റെ ഭാഗമായി പരാമർശം (3) പ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചതിന്റെ ഭാഗമായി ആകെ 6 അപേക്ഷകളാണ് വകുപ്പിൽ ലഭ്യമായത്. ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സ്വന്തം ഹോം സ്റ്റേഷനിൽ മൂന്ന് വർഷത്തിലധികമായി സേവനമനുഷ്ഠിച്ച് വരുന്ന ഒരു ജീവനക്കാരനും , ഒരു വർഷത്തിൽ അധികം സ്വന്തം ഹോം സ്റ്റേഷന് പുറത്ത് സേവനമനുഷ്ഠിക്കുന്ന രണ്ട് ജീവനക്കാരും മാത്രമാണ് സാമൂഹ്യനീതി വകുപ്പിൽ നിലവിലുള്ളത്.

ഈ സാഹചര്യത്തിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ചുവടെ പേര് വിവരം ചേർത്തിട്ടുള്ള ഈ മൂന്ന് ജീവനക്കാർക്ക് അപേക്ഷയുടെ അടിസ്ഥാനത്തിലും ഭരണപരമായ സൗകര്യാർത്ഥവും പൊതുസ്ഥലംമാറ്റം അനുവദിച്ചും, പരാമർശിത സീനിയോരിറ്റി ലിസ്റ്റിലെ ഹെഡ് അക്കൗണ്ടന്റ് തസ്തികയിലെ ഏറ്റവും സീനിയറായ ശ്രീ .നിഷാന്ത് കുമാർ.സി.വിയ്ക്ക് ജൂനിയർ സൂപ്രണ്ട് തസ്തികയിൽ കെ.എസ്.& എസ്.എസ്.ആർ ചട്ടം 28 എ (1) പ്രകാരം (43400-91200) രൂപ ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി ചുവടെ ടിയാന്റെ പേരിന് നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ നിയമിച്ചും ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

<u>സ്ഥലംമാറ്റം:-</u>

| നം | ജീവനക്കാരുടെ പേര്<br>തസ്തിക<br>നിലവിൽ<br>സേവനമനുഷ്ഠിയ്ക്കുന്ന<br>കാര്യാലയം | സ്ഥലംമാറ്റം നൽകി നിയമിക്കുന്ന<br>തസ്തിക കാര്യാലയം |
|---|---|---|
| 1 | ശ്രീ.സിനോസേവി.സി.ജെ<br>ജൂനിയർ സൂപ്രണ്ട്<br>ജില്ലാ സാമൂഹ്യനീതി | ജൂനിയർ സൂപ്രണ്ട്<br>ജില്ലാ സാമൂഹ്യനീതി ഓഫീസ് തൃശ്ശൂർ (അപേക്ഷ) (11-5-2018 മുതൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സ്വന്തം ജില്ലയ്ക്ക് പുറത്ത് |

| | | |
|---|---|---|
| | ഓഫീസ്<br>കോഴിക്കോട് | സേവനമനുഷ്ഠിക്കുന്നു) |
| 2 | ശ്രീ.എം.അബ്ദുള്ള<br>ജൂനിയർ സൂപ്രണ്ട്<br>ജില്ലാ സാമൂഹ്യനീതി<br>ഓഫീസ്<br>കാസർഗോഡ് | ജൂനിയർ സൂപ്രണ്ട്<br>ജില്ലാ സാമൂഹ്യനീതി ഓഫീസ് കോഴിക്കോട് (ഭരണപരം ) (11-5-2017 മുതൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സ്വന്തം ജില്ലയിൽ സേവനമനുഷ്ഠിക്കുന്നു) |
| 3 | ശ്രീ.ജയേഷ് കുമാർ.പി.കെ<br>ജൂനിയർ സൂപ്രണ്ട്<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് | ജൂനിയർ സൂപ്രണ്ട്<br>ജില്ലാ സാമൂഹ്യനീതി ഓഫീസ്<br>കാസർഗോഡ് (അപേക്ഷ)<br>(14-10-2020 മുതൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സ്വന്തം ജില്ലയ്ക്ക് പുറത്ത് സേവനമനുഷ്ഠിക്കുന്നു. (ഹൃദയ സംബന്ധമായ അസുഖം ഉള്ള വ്യക്തി) |

<u>ഉദ്യോഗക്കയറ്റം</u>

| ക്രമ നം | ജീവനക്കാരുടെ പേര് തസ്തിക നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക കാര്യാലയം |
|---|---|---|
| 1 | ശ്രീ.നിഷാന്ത് കുമാർ.സി.വി<br>ഹെഡ് അക്കൗണ്ടന്റ്<br>ജില്ലാ സാമൂഹ്യനീതി ഓഫീസ്<br>കാസർഗോഡ് | ജൂനിയർ സൂപ്രണ്ട്<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരന് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹതയുണ്ടായിരിക്കും. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരന് നിയമാനുസൃത പ്രവേശന കാലത്തിനും യാത്രബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ കാര്യാലയ മേധാവി വിടുതൽ ചെയ്യേണ്ടതും ജീവനക്കാർ യഥാസമയം ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. ജീവനക്കാരുടെ വിടുതൽ പ്രവേശനം എന്നിവ സംബന്ധിച്ച റിപ്പോർട്ട് കാര്യാലയ മേധാവികൾ അയച്ചു തരേണ്ടതാണ്.

**എം.അഞ്ജന ഐ.എ.എസ്**

**സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

<u>പകർപ്പ് :</u>

1. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
2. എല്ലാ കാര്യാലയ മേധാവികൾക്കും
3. ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്ക്
4. എഫ് സെക്ഷൻ സൂപ്രണ്ടിന് (വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
5. ഡയറക്ടറുടെ സി.എ യ്ക്ക്
6. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്